LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്ത പെൻഷൻ പദ്ധതി

55(5210) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതിയും പി.എഫ്.ആർ.ഡി.എ. ബില്ലും തമ്മിലുള്ള ബന്ധം വ്യക്തമാക്കാമോ?

പി.എഫ്.ആർ.ഡി.എ ആക്ട് - 2013 ലെ സെക്ഷൻ 12(4)-ന് വിധേയമായി സംസ്ഥാനസർക്കാർ 13-5-2020-ലെ സ.ഉ.(അ)നമ്പർ 58/2020/ധന (S.R.O. No. 368/2020) ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നതെന്നാണെന്നും പി.എഫ്.ആർ.ഡി.എ. ബിൽ പാസ്സായതെന്നാണെന്നും അറിയിക്കാമോ?

7-1-2013-ലെ സ.ഉ.(അ)നമ്പർ 20/2013/ധന ഉത്തരവ് പ്രകാരം,* 31-3-2013 വരെ കെ.എസ്.ആർ ഭാഗം 3 പെൻഷൻ ബാധകമായ വിഭാഗങ്ങളിൽ 1-4-2013-നോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിക്കുന്നവർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിരിക്കുന്നത്. 2013 സെപ്റ്റംബർ 19-നാണ് പി.എഫ്.ആർ.ഡി.എ ആക്ട് പാസാക്കിയിരിക്കുന്നത്.

നാഷണൽ പെൻഷൻ സ്കീം

56(5211) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ പെൻഷൻ സ്കീം പുന:പരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കാൻ നിയമിച്ച സമിതി 30-4-2021 -ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പുന:പരിശോധനാ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.